₹ 5/-

# റിയൽ ലൈഫ് വോയ്സ്

# R E A L L I F E V O I C E

Monthly

Volume 8
Issue 11

**May 2020**

pages 24

"ഞാൻ യഹോവയോട് ഉറക്കെ നിലവിളിക്കുന്നു; ഞാൻ ഉച്ചത്തിൽ യഹോവയോട് യാചിക്കുന്നു. അവന്റെ സന്നിധിയിൽ ഞാൻ എന്റെ സങ്കടം പകരുന്നു; എന്റെ കഷ്ടത ഞാൻ അവനെ ബോധിപ്പിക്കുന്നു."

**(സങ്കീർത്തനങ്ങൾ 142:1,2)**

REAL LIFE VOICE

REAL LIFE, KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

# R E A L L I F E V O I C E

**Volume 8 Issue 11 May 2020 pages 24 Rs.5/-**



**Editor:**
Sebastian M.V.
Ph: 95 44 557 557



**DTP:**
Sebastian M.V.

**Printed at:**
Chirayath Printers,
Mannuthy P.O., Tcr.

**Published at:**
Real Life,
Mamparampil House,
Kottekad, Kuttur P.O.,
Thrissur - 680 013

**Annual Subscription:**
Rs.60/-

താത്പര്യമുള്ളവർക്ക്
വരിസംഖ്യയോ
സംഭാവനയോ
Sebastian M.V.
എന്ന പേരിൽ ക്രോസ്സ്ഡ്
ചെക്ക് ആയി അയയ്ക്കാം.
ദയവായി മണിഓർഡർ
(MO) അയയ്ക്കരുത്.

*Bank:*
The Dhanlaxmi Bank Ltd.
*Branch:* Kottekad.
*IFS Code:*
DLXB0000087
*A/c No.:*
008700100014394



**Email: reallifekottekad@gmail.com**
**Website: www.reallifevoice.in**


## Book No. 101

## ഉള്ളടക്കം

പേജ്


- വീട് പണിയുമ്പോൾ... 3
- മഹാഭാഗ്യം (21) 7
- പുതിയനിയമത്തിലൂടെ യാത്ര (6) 9
- പരിശുദ്ധാത്മാവ് (24) 13
- യോവേൽ (14) 16
- കൊച്ചുണ്ണിയുടെ.... (15) 18
- രണ്ടാംഭാര്യ (ചെറുകഥ) 20
- നോവൽകൊറോണ വൈറസ് 24


ഈ മാസികയുടെ ലക്ഷ്യം:
**സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും**

## എഡിറ്റോറിയൽ



# വീട് പണിയുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ!

ഒട്ടു മിക്ക വിശ്വാസികളുടെയും വചനപഠനവും പ്രസംഗവും ആത്മികഭാവങ്ങളും എല്ലാം അമ്പേ പരാജയപ്പെടുന്ന രണ്ടു മേഖലകൾ ഞാൻ കണ്ടിട്ടുണ്ട്. ഒന്ന്: വിവാഹം, രണ്ട്: വീടുനിർമ്മാണം. വിശ്വാസികളുടെ വിവാഹത്തിനു കാട്ടിക്കൂട്ടുന്ന കാര്യങ്ങൾ കണ്ടാൽ, ''എനിക്കിത് കാണാൻ വയ്യ; എന്റെ കോപം ജ്വലിക്കുന്നു'' എന്നും പറഞ്ഞ് ദൈവം ആ രംഗത്ത്നിന്ന് ഇറങ്ങിപ്പോകാനാണ് സാധ്യത. ഇതുപോലെ സകല ആത്മികഭാവങ്ങളും നഷ്ടപ്പെടുത്തുന്ന മറ്റൊരു മേഖലയാണ് വീടുനിർമ്മാണം. എന്തൊക്കെ കാട്ടിക്കൂട്ടണമെന്നു ഒരു കൺഫ്യൂഷൻ ഉള്ളതുപോലെ!

വീട് പണിയുക എന്നത് പലരുടെയും മോഹമാണ്. വീട് പണിയാനുള്ള ആഗ്രഹം നാം വെളിപ്പെടുത്തുമ്പോഴേക്കും അഭിപ്രായങ്ങളുമായി ചിലർ പ്രത്യക്ഷപ്പെടുകയായി. എല്ലാം അടിപൊളി നിർദ്ദേശങ്ങൾ... ഇതൊക്കെ ചെയ്യാൻ കയ്യിൽ കാശുണ്ടോ എന്ന് അവർക്ക് അറിയാൻ താത്പര്യമില്ല. അങ്ങനെ നിർദ്ദേശം പറഞ്ഞ എല്ലാവരുടെയും നിർദ്ദേശങ്ങൾ സ്വീകരിച്ച്, കടം വാങ്ങിക്കൂട്ടി, ഒരു ഗംഭീരവീട് പണിയുന്നു. പിന്നീട് ആ വീട്ടിൽ മനഃസ്സമാധാനം ഇല്ലാതെ കഴിയുന്നു. ഇതൊക്കെയാണ് നമ്മുടെ മദ്ധ്യേ പലപ്പോഴും കണ്ടുവരുന്നത്.

ഈയവസരത്തിൽ, ദൈവവചനമായ ബൈബിൾ തരുന്ന നിർദ്ദേശങ്ങൾ എന്തൊക്കെയെന്നാണ് നാം നോക്കേണ്ടത്.

### (1) കണക്ക് കൂട്ടൽ

വീട് പണിയാൻ തുടങ്ങുന്നതിനു മുമ്പ് ചെലവ് കണക്കുകൂട്ടണം (ലൂക്കൊസ് 14:28). കയ്യിൽ കാശില്ലാതെ വീട് പണിക്ക് തുനിയരുത്. പണം വേണ്ടുവോളം ഇല്ലെങ്കിൽ വീട്പണി തത്കാലം വേണ്ടെന്നു വയ്ക്കണം. ബന്ധുക്കളുടെയും കൂട്ടുസഹോദരന്മാരുടെയും പോക്കറ്റിലെ പണം സ്വപ്നം കണ്ട് ആരും വീട് പണിയാൻ തുടങ്ങരുത്. തറ പണിയാനുള്ള പണം കയ്യിലുണ്ടെങ്കിൽ തറ പണിതിടുക. ബാക്കിയുള്ള പണിക്ക് പണം ഉണ്ടോ എന്നു ഉറപ്പുവരുത്തുക. ഇല്ലെങ്കിൽ നാം കാത്തിരിക്കുക. തറ ചിതല് പിടിച്ച് പോകുകയില്ലല്ലോ.

അടുത്ത ഘട്ടം പണി തുടങ്ങിയാൽ മേൽക്കൂരയുടെ വാർപ്പ് വരെ കഴിയണം. ചുമര് പണിതു; വാർക്കാൻ പണമില്ല എന്നു വരരുത്. വാർക്കാനുള്ള പണം കൂടി ഉണ്ടെങ്കിലേ ചുമര് പണിയാകൂ. അങ്ങനെ ഘട്ടം ഘട്ടമായി വീട് പണി നടത്താം. പണം കമ്മിയാണെങ്കിൽ സിമന്റു കൊണ്ടുണ്ടാക്കിയ കട്ടിള, ജനൽ എന്നിവ ഉപയോഗിക്കാം. വീടിന്റെ ബാഹ്യഭംഗി വർദ്ധിപ്പിക്കുന്നത് വേണ്ടെന്നു വയ്ക്കുകയുമാവാം. കടം വാങ്ങുന്നത് പരമാവധി ഒഴിവാക്കണം. ഇനി കടം വാങ്ങുകയാണെങ്കിൽ അംഗീകൃതബാങ്കുകളിൽനിന്നും മാത്രം വാങ്ങുക. വട്ടിപ്പലിശക്കാരിൽനിന്നും പണം വാങ്ങാതിരിക്കുക.

### (2) ദൈവസാന്നിധ്യം ഉറപ്പുവരുത്തുക

''യഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അദ്ധ്വാനിക്കുന്നു'' (സങ്കീർത്തനങ്ങൾ 127:1) എന്നാണല്ലോ. ദൈവാനുഗ്രഹം നാം ഉറപ്പുവരുത്തണം. പ്രാർത്ഥിച്ച് തുടങ്ങണം. അന്യദൈവങ്ങളെ പ്രീതിപ്പെടുത്തുന്നതിന്റെ ഭാഗമായും അന്ധവിശ്വാസങ്ങളുടെ ഭാഗമായും ചെയ്തുപോരുന്ന കാര്യങ്ങൾ നിർബന്ധമായും ഒഴിവാക്കണം. ആശാരിയെ ക്കൊണ്ട് സ്ഥാനം നോക്കൽ, വാസ്തു, ശുഭമുഹൂർത്തം നോക്കൽ, മദ്യവിതരണം, കണ്ണുപറ്റാതിരിക്കാനായി കോലം വയ്ക്കൽ എന്നിങ്ങനെയുള്ള യാതൊന്നും ദൈവപൈതലിന്റെ ഭവനനിർമ്മാണത്തിൽ വേണ്ട. ഈ വക പ്രവർത്തിച്ചാൽ വീടു പണിയുന്നതിൽനിന്നും ദൈവം പിന്മാറുന്നതിനാണ് സാധ്യത)

(ഇതൊക്കെയുണ്ടായിട്ടും എന്റെ വീടുപണി കുഴപ്പമില്ലാതെ നടന്നല്ലോ എന്നു കരുതുന്നവർ, കരുണാമയനായ ദൈവം നിങ്ങളോട് കരുണ കാണിച്ചതാണ് എന്ന് മനസ്സിലാക്കുക. ചെയ്തുകൂട്ടിയ കാര്യങ്ങൾക്ക് ദൈവസന്നിധിയിൽ മാപ്പ് ചോദിക്കാൻ മറക്കരുത്.)

### (3) തറ നല്ല ഉറപ്പിൽ പണിയണം

ലൂക്കൊസ് 6:48 ൽ, ആഴത്തിൽ കുഴിയെടുക്കണം എന്നും നല്ല ഉറപ്പോടെ അടിസ്ഥാനം വേണം എന്നും പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നു. നല്ല ഉറപ്പിൽ തറ പണിയുക. കഴിയുമെങ്കിൽ തറയ്ക്കുമുകളിൽ ബെൽറ്റ് നിർമ്മിക്കുക. ഈ വകയിലൊന്നും പിശുക്ക് കാണിക്കാതിരിക്കുന്നതാണ് നല്ലത്.

### (4) സൗകര്യവും സുരക്ഷിതത്വവും വേണം

''അവൻ നിന്റെ വാതിലുകളുടെ ഓടാമ്പലുകളെ ഉറപ്പിച്ച് നിന്റെ അകത്ത് നിന്റെ മക്കളെ അനുഗ്രഹിച്ചിരിക്കുന്നു'' (സങ്കീർത്തനങ്ങൾ 147:13). യെരൂശലേമിനോടുള്ള ബന്ധത്തിലാണ് ഈ വാക്യം പറഞ്ഞിരിക്കുന്നതെങ്കിലും വീടുപണിയോടുള്ള ബന്ധത്തിലും നമുക്ക് ഇത് ചിന്തിക്കാവുന്നതാണ്. വാതിലുകളുടെ ഓടാമ്പലുകളെ ദൈവം ഉറപ്പിച്ചു എന്നു ഇവിടെ കാണാമെങ്കിലും വാതിലും ഓടാമ്പലുകളുമെല്ലാം പണിതത് മനുഷ്യനാണല്ലോ. ഭക്തരായ മനുഷ്യരുടെ പണിയിൽ വ്യാപരിക്കുന്ന ദൈവകൃപയാണ് ഇവിടെ വെളിപ്പെടുന്നത്.

നാം വീടു പണിയുമ്പോൾ സൗകര്യത്തിനും സുരക്ഷയ്ക്കും മുൻതൂക്കം കൊടുക്കണം. ബാഹ്യഭംഗി വേണ്ടെന്നു ഞാൻ പറയുന്നില്ല. എന്നാൽ അതിനേക്കാൾ പ്രാധാന്യം അടച്ചുറപ്പിനാണ്. പുറമെ നിന്നു നോക്കുമ്പോൾ ഒരു ആനച്ചന്തം ഉണ്ടെങ്കിലും അകത്ത് സൗകര്യമില്ലെങ്കിൽ എന്തു കാര്യം? അകത്ത് അടച്ചുറപ്പില്ലെങ്കിൽ എന്തു കാര്യം?

### (5) കൈവരി (പാരപ്പറ്റ്) പണിയണം

''ഒരു പുതിയ വീട് പണിതാൽ നിന്റെ വീട്ടിന്മുകളിൽനിന്ന് വല്ലവനും വീണിട്ട് വീട്ടിന്മേൽ രക്തപാതകം വരാതിരിക്കേണ്ടതിന് നീ അതിന് കൈമതിൽ ഉണ്ടാക്കേണം'' (ആവർത്തനം 22:8). വീട് പണിയുമ്പോൾ ഇക്കാര്യം നാം ശ്രദ്ധിക്കണം. പാരപ്പറ്റ് (കൈമതിൽ/കൈവരി) നിർബന്ധമായും പണിയണം. അതിന്റെ ലാഭം നോക്കരുത്. സ്റ്റെയർകെയ്സിനും കൈവരി പിടിപ്പിക്കണം.

### (6) ഗെയ്റ്റ്/വാതിൽ വളരെ പൊക്കത്തിൽ പണിയരുത്

''പടിവാതിൽ പൊക്കത്തിൽ പണിയുന്നവൻ ഇടിവ് ഇച്ഛിക്കുന്നു'' (സദൃശവാക്യങ്ങൾ 17:19). "One who builds a high gate seeks destruction'' (World English Bible). വീട് പണിയുമ്പോൾ ഇക്കാര്യവും

നാം ശ്രദ്ധിക്കണം. പടിവാതിൽ എന്നതിന് ഒട്ടുമിക്ക ഇംഗ്ലീഷ്ബൈബിളുകളും 'ഗെയ്റ്റ്' എന്നാണ് ഉപയോഗിച്ചിരിക്കുന്നതെങ്കിലും, മൂല ഭാഷ പരിശോധിക്കുമ്പോൾ 'മുൻവാതിൽ' (front door) എന്ന ആശയമാണ് ലഭിക്കുന്നത്.

'പെഹ്താക്' എന്ന വാക്കാണ് ഹീബ്രുവിൽ ഉപയോഗിച്ചിരിക്കുന്നത് (pethach, peh'-thakh). നോഹയുടെ പെട്ടകത്തിന്റെ വാതിൽ, (ഉല്പത്തി 6:16), അബ്രാഹാമിന്റെ കൂടാരത്തിന്റെ വാതിൽ (ഉല്പത്തി 18:1), ഭോഷത്വമായവളുടെ വീടിന്റെ വാതിൽ (സദൃശവാക്യങ്ങൾ 9:15) എന്നിവയെയെല്ലാം കാണിക്കാൻ ഉപയോഗിച്ചിരിക്കുന്നത് 'പെഹ്താക്' എന്ന വാക്കാണ്.

ഉയർന്ന ഗെയ്റ്റ്/വാതിൽ വയ്ക്കുന്നവന് എങ്ങനെയാണ് ഇടിവ് അഥവാ നാശം വന്നുചേരുന്നത്? അത്രയും വലിയ വാതിൽ വയ്ക്കുന്നത് അഹങ്കാരത്തിന്റെ പ്രതിഫലനമായി ദൈവം കാണുന്നു എന്നതാണ് വാസ്തവം. ഹിന്ദുക്കളുടെ ക്ഷേത്രങ്ങളിലും പൂജാമുറികളിലും ഉയരം കുറഞ്ഞ വാതിൽ വയ്ക്കുക പതിവാണ്. ഒന്നു കുനിഞ്ഞ് അല്പം താണ് ദേവനെ കാണാൻ അവർ ആഗ്രഹിക്കുന്നു. നമ്മുടെ സഭായോഗങ്ങളിൽ ചില 'മജിസ്ട്രേറ്റുമാർ' കാലിന്മേൽ കാലും കയറ്റി വച്ച് ഇരിക്കുന്നത് പതിവാണ്. അഹങ്കാരിയായ സഹോദരാ, നിന്റെ വാതിലിന്റെ ഉയരം അല്പം കുറയ്ക്കുന്നതാണ് നിനക്ക് നല്ലത്.

പക്ഷേ ഹൃദയത്തിന്റെ വാതിലുകൾ വളരെ ഉയർന്നു തന്നെ ആയിരിക്കട്ടെ. ''വാതിലുകളേ നിങ്ങളുടെ തലകളെ ഉയർത്തുവിൻ; പണ്ടേയുള്ള കതകുകളേ ഉയർന്നിരിപ്പിൻ; മഹത്വത്തിന്റെ രാജാവ് പ്രവേശിക്കട്ടെ'' (സങ്കീർത്തനങ്ങൾ 24:9). കാര്യം മനസ്സിലായില്ലേ? പൊക്കത്തിലുള്ള വാതിലുകൾ മഹത്വത്തിന്റെ രാജാവിനു വേണ്ടിയുള്ളതാണ്; എന്നുവച്ചാൽ സാക്ഷാൽ ദൈവത്തിനു വേണ്ടിയുള്ളതാണ്. ഞാൻ എന്റെ വീടിന്റെ വാതിൽ വല്ലാതെ ഉയർത്തിപ്പണിത്, ആ വാതിലിലൂടെ എനിക്ക് അകത്ത് കടക്കണം എന്നു ആഗ്രഹിച്ചാൽ ഞാൻ ആരാണ്? മഹത്വത്തിന്റെ രാജാവ്! അപകടം പതിയിരിക്കുന്നത് കണ്ടുവോ?

ദൈവത്തെപ്പോലെയാകുക എന്നതാണ് പണ്ടു മുതലേ പിശാച് മനുഷ്യന്റെ മുമ്പിൽ വയ്ക്കുന്ന തന്ത്രം (ഉല്പത്തി 3:5). അതുകൊണ്ട് വാതിലിന്റെ പൊക്കം വല്ലാതെ കൂട്ടി നാശം ഇരന്നു വാങ്ങേണ്ടതില്ല. വീടില്ലാത്തവർക്കെല്ലാം നല്ലൊരു വീട് പണിയാൻ സർവശക്തനായ ദൈവം സഹായിക്കട്ടെ.

**എം. വി. സെബാസ്റ്റ്യൻ**

# മഹാഭാഗ്യം!

21

## റ്റി. ജോൺമാത്യു, മണ്ണുത്തി

### വിശ്വാസം കാക്കുക

യേശുക്രിസ്തുവിന്റെ നല്ല ഭടനായ യുദ്ധസേവ ചെയ്യുന്ന ഒരാൾ വചനപ്രകാരമുള്ള സത്യവിശ്വാസം എപ്പോഴും മുറുകെപ്പിടിക്കേണ്ടത് ആവശ്യമാണ്. ഉപദേശസത്യങ്ങളുടെ കാര്യത്തിൽ സാഹചര്യസമ്മർദ്ദങ്ങൾക്ക് വഴങ്ങുന്നവരായിട്ടോ കൂട്ടുചേരാൻ പാടില്ലാത്തവരോട് കൂട്ടുചേരുന്നവനായിട്ടോ, കൂട്ടുചേരേണ്ടവരോട് കൂട്ടുചേരാൻ മടിക്കുന്നവരായിട്ടോ അല്ല നാം കാണപ്പെടേണ്ടത്. വചനസത്യങ്ങൾക്ക് വിരുദ്ധമായ ഉപദേശങ്ങളെ എതിർക്കുന്നവരായിട്ടും വചനപ്രകാരമുള്ള ക്രിസ്തീയകൂട്ടായ്മ അനുഭവപ്പെടുത്തുന്നവരായിട്ടും നാം കാണപ്പെടണം.

വിശ്വാസികളുടെ മദ്ധ്യേ നുഴഞ്ഞു കയറി നടക്കുന്ന കപടവിശ്വാസികളായ ദുർന്നടപ്പുകാരോടും അത്യാഗ്രഹികളോടും വിഗ്രഹാരാധികളോടും വാവിഷ്ഠാണക്കാരോടും (ചീത്ത പറയുകയും ദൂഷണം പറയുകയും ചെയ്യുന്നവർ) മദ്യപന്മാരോടും പിടിച്ചുപറിക്കാരോടും (അന്യായമായി മറ്റുള്ളവരിൽനിന്നു പണം തട്ടിയെടുക്കുന്നവർ) സംസർഗ്ഗം പുലർത്തരുത് (1 കൊരിന്ത്യർ 5:11) എന്ന കല്പന നാം അനുസരിക്കുകയും യഥാർത്ഥത്തിലുള്ള ദൈവമക്കൾ എന്നു പ്രവൃത്തികളിലൂടെയും വാക്കുകളിലൂടെയും തെളിയിക്കുന്ന എല്ലാവരോടും കഴിയുന്നത്ര കൂട്ടായ്മ പുലർത്തുകയും ചെയ്യണം.

ദൈവമക്കൾ എല്ലാവരും ക്രിസ്തു തലയായിരിക്കുന്ന ശരീരത്തിന്റെ വിവിധ അവയവങ്ങളാണെന്ന് (1 കൊരി.12:27) ൽ വ്യക്തമായി പറഞ്ഞിരിക്കുന്നു. തലയാകുന്ന ക്രിസ്തുവിനോടു വിശ്വാസികൾ എല്ലാവരും അവയവങ്ങൾ എന്ന നിലയിൽ ബന്ധപ്പെട്ടിരിക്കുന്നതിനാൽ, അവർക്ക് അന്യോന്യമുള്ള കൂട്ടായ്മയുടെ അടിസ്ഥാനം അവരോരോരുത്തർക്കും ക്രിസ്തുവിനോടുള്ള ബന്ധമാണ്. ഒരു വിശ്വാസിയും മറ്റൊരു വിശ്വാസിയും തമ്മിലുള്ള കൂട്ടായ്മയ്ക്ക് തടസ്സം വരണമെങ്കിൽ അവരിൽ ഒരാൾക്കെങ്കിലും ക്രിസ്തുവിനോടുള്ള കൂട്ടായ്മയ്ക്ക് തടസ്സം വരണം.

വ്യക്തിപരമായ ചില ഇഷ്ടാനിഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ സഹവിശ്വാസികളുമായി നമുക്കുണ്ടായിരിക്കേണ്ട കൂട്ടായ്മ ഇല്ലാതാക്കുവാൻ ഒരിക്കലും പാടില്ല. ക്രിസ്തുവിനു കൂട്ടായ്മയുള്ള സകലരോടും നമുക്കും കൂട്ടായ്മ പുലർത്തുന്നതിനുള്ള മനസ്സ് എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്. എങ്കിൽ മാത്രമേ നമ്മുടെ കർത്താവുമായി നാം സജീവകൂട്ടായ്മയിൽ നിലനിൽക്കുകയുള്ളൂ. ഇക്കാര്യം ഓർമ്മയിൽ വച്ചുകൊണ്ട് തെറ്റിലകപ്പെടാതെ നാം സ്വയം സൂക്ഷിക്കുകയും തെറ്റുകളിൽ അകപ്പെടുന്ന നമ്മുടെ സഹവിശ്വാസികളോട് സ്നേഹത്തിൽ സത്യം സംസാരിച്ച് (എഫെസ്യർ 4:15) അവരെ യഥാസ്ഥാനത്താക്കുവാൻ ആവോളം ശ്രമിക്കയും യേശുവിൽ വിശ്വാസമർപ്പിച്ചിട്ടില്ലാത്ത ലോകജനത്തെ സുവിശേഷം അറിയിക്കുന്നതിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുകയും വേണം. ആ അനുഭവമാണ് വിശ്വാസം കാത്തുകൊണ്ടുള്ള ജീവിതം.

ഉപദേശസംബന്ധമായ കാര്യങ്ങളിൽ ക്രമം കെട്ടു നടക്കാതെ (2 തെസ്സ.3:6) ദൈവവചനപ്രകാരം മുമ്പോട്ടു പോകുന്ന സകല ദൈവമക്കളോടും യോജിച്ചുകൊണ്ട് ലോകസുവിശേഷീകരണത്തിനും സകല മനുഷ്യരോടെയും രക്ഷയ്ക്കും ശിഷ്യത്വത്തിനുംവേണ്ടി സർവപരിശ്രമങ്ങളും നടത്തുന്നവരായി നാം രൂപാന്തരപ്പെടണം. സത്യവിശ്വാസം കാത്തുകൊണ്ട് ജീവിക്കുന്ന അനുഭവം (പൗലൊസപ്പോസ്തലന്റെ മാതൃക) അതാണ്. അതു നമ്മിൽ കാണപ്പെടുന്നു എന്ന കാര്യം നാം ഇപ്പോൾ ഉറപ്പു വരുത്തണം.

**(തുടരും)**

# പ്രതികരണങ്ങൾ

**നിങ്ങളുടെ പ്രതികരണങ്ങൾ കത്തു മുഖേനയോ, sms ആയോ, email ആയോ whatsapp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കുകയുമാവാം. ഫോൺ: 95 44 557 557**

## RuthJames, Kalanjoor, Pathanamthitta

നല്ല വായനാരസമുള്ള മാസികയാണ് ഇത്. പല എഴുത്തുകാരുടെ ലേഖനങ്ങൾ ധാരാളമായി ഉൾപ്പെടുത്തിയാൽ ഇത്രയും രസകരമായി അനുഭവപ്പെടണമെന്നില്ല. യോവേലിന്റെ പഠനം വളരെ മികച്ചതാണ്.

# 6 പുതിയനിയമത്തിലൂടെ യാത്രചെയ്യുമ്പോൾ...

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

*(പുതിയനിയമം വായിക്കുമ്പോൾ നാം കാണുന്ന മരങ്ങൾ, മലകൾ, മൃഗങ്ങൾ, പക്ഷികൾ എന്നിവയെക്കുറിച്ചുള്ള ഒരു ആസ്വാദനം)*

**ഒന്നാം ഭാഗം: മരങ്ങൾ**

**5. അത്തിവൃക്ഷം: നഥനയേൽ കീഴിലിരുന്നത്**(യോഹ. 1:48)

വഴിയരികെ ഉണ്ടായിരുന്ന അത്തിവൃക്ഷം (മത്തായി 21:19), മുന്തിരിത്തോട്ടത്തിലുണ്ടായിരുന്ന അത്തിവൃക്ഷം (ലൂക്കൊസ് 13:6-9) എന്നിവയ്ക്കുശേഷം, ഇന്നു നമുക്ക് ഏതു അത്തിവൃക്ഷത്തിന്റെ കീഴിലാണോ നഥനയേൽ ഇരുന്നിരുന്നത്, ആ അത്തിവൃക്ഷത്തെ സമീപിക്കാം. എന്തൊക്കെ പാഠങ്ങൾ നമുക്ക് അവിടെനിന്നു ലഭിക്കുമെന്നു നോക്കാം.

**നഥനയേലും ഫിലിപ്പോസും:** ആരാണ് നഥനയേൽ? "ഇതാ സാക്ഷാൽ യിസ്രായേല്യൻ; ഇവനിൽ കപടം ഇല്ല" എന്നാണ് യേശുക്രിസ്തു നഥനയേലിനെക്കുറിച്ചു പറഞ്ഞത് (യോഹ.1:47). കപടം ഇല്ലാത്തവരെ കാണാൻ ബുദ്ധിമുട്ടുള്ള കാലമാണിത്. ഭക്തിയുടെ വേഷം ധരിച്ചു നടക്കുന്ന പലരും കാപട്യമുള്ളവരാണ്. അക്കാലത്തും ഇത്തരക്കാർക്ക് കുറവില്ലായിരുന്നു. അവരുടെ മദ്ധ്യത്തിൽ, കപടം ഇല്ലാതെ ജീവിച്ചവനാണ് നഥനയേൽ. കർത്താവ് നഥനയേലിനെക്കുറിച്ചു പറഞ്ഞ ഈ സാക്ഷ്യം വളരെ വിലയേറിയതു തന്നെയല്ലേ

"ഗലീലയിലുള്ള കാനയിലെ നഥനയേൽ" എന്നാണ് യോഹന്നാൻ നഥനയേലിനെ പരിചയപ്പെടുത്തുന്നത് (യോഹ. 21:2). ഫിലിപ്പോസ് ആണ് നഥനയേലിനെ കർത്താവിന്റെ അടുത്തേക്ക് കൊണ്ടുവന്നത് (1:45,46). കർത്താവ് ഉയിർത്തെഴുന്നേറ്റതിനുശേഷം പ്രത്യക്ഷപ്പെട്ട ഒരു കൂട്ടത്തിൽ നഥനയേലും ഉണ്ടായിരുന്നു (21:1,2).

**നഥനയേലും ബർത്തൊലൊമായിയും:** യോഹന്നാന്റെ സുവിശേഷത്തിൽ മാത്രം കാണുന്ന കഥാപാത്രമാണ് നഥനയേൽ. നഥനയേലും ബർത്തൊലൊമായിയും ഒരാൾ തന്നെയാണെന്നു പൊതുവെ വിശ്വസിക്കപ്പെടുന്നു. അതിനുള്ള കാരണങ്ങൾ ഇനി പറയുന്നവയാണ്:

(1) മത്തായി, മർക്കൊസ്, ലൂക്കൊസ് എന്നീ മൂന്നു സുവിശേഷങ്ങളിലും നമുക്ക് ബർത്തൊലൊമായിയെ കാണാം; പക്ഷേ നഥനയേലിനെ കാണാനാവില്ല. യോഹന്നാന്റെ സുവിശേഷത്തിലാണെങ്കിൽ നഥനയേലുണ്ട്; പക്ഷേ ബർത്തൊലൊമായി ഇല്ല. ഇക്കാരണത്താൽ, നഥനയേലും ബർത്തൊലൊമായിയും ഒരാൾ തന്നെയാണെന്നു സംശയിക്കപ്പെടുന്നു.

(2) ഫിലിപ്പോസാണല്ലോ നഥനയേലിനെ കർത്താവിന്റെ അടുത്തേക്ക് കൊണ്ടുവന്നത്. പന്ത്രണ്ടു അപ്പൊസ്തലന്മാരുടെ ലിസ്റ്റിൽ, ഫിലിപ്പോസ് കഴിഞ്ഞാൽ എപ്പോഴും ബർത്തൊലൊമായിയുടെ പേരാണ് കൊടുത്തിരിക്കുന്നത് (മത്തായി 10:3; മർക്കൊസ് 3:18; ലൂക്കൊസ് 6:14). സഹോദരന്മാരുടെയോ കൂട്ടുകാരുടെയോ പേരുകൾ അടുപ്പിച്ചു പറയുന്ന പതിവുണ്ടല്ലോ.

(3) കർത്താവ് ഉയിർത്തെഴുന്നേറ്റതിനുശേഷം തിബര്യാസ് കടൽക്കരയിൽ വച്ച് പ്രത്യക്ഷനായപ്പോൾ ആ കൂട്ടത്തിൽ നഥനയേൽ ഉണ്ടായിരുന്നു. ആ കൂട്ടത്തിലുണ്ടായിരുന്ന ബാക്കിയെല്ലാവരും അപ്പൊസ്തലന്മാരായിരുന്നു (യോഹന്നാൻ 21:1,2).

(4) യോഹന്നാൻ ഒന്നാം അദ്ധ്യായത്തിലാണ് നാം നഥനയേലിനെ ആദ്യം കാണുന്നത്. ആ അദ്ധ്യായത്തിൽ പേരു പറഞ്ഞിട്ടുള്ള എല്ലാവരും അപ്പൊസ്തലന്മാരായി. അക്കൂട്ടത്തിൽ കർത്താവ് ഏറ്റവും ശക്തമായി പ്രശംസിച്ചു പറഞ്ഞിരിക്കുന്നത് നഥനയേലിനെയാണ്. ആ നഥനയേലും അപ്പൊസ്തലന്മാരുടെ കൂട്ടത്തിൽ ഉണ്ടാവുക സ്വാഭാവികം മാത്രം. അങ്ങനെയാണെങ്കിൽ, അതു ബർത്തൊലൊമായി ആയിരിക്കുന്നതിനുള്ള സാധ്യത ഏറെയുണ്ട്.

മേല്പറഞ്ഞ തെളിവുകളുടെ അടിസ്ഥാനത്തിൽ യോഹന്നാന്റെ സുവിശേഷത്തിൽ കാണുന്ന നഥനയേലും, മറ്റു മൂന്നു സുവിശേഷങ്ങളിൽ കാണുന്ന ബർത്തൊലൊമായിയും ഒരാളാണെന്നു പൊതുവെ വിശ്വസിക്കപ്പെടുന്നു. എങ്കിലും, ഇക്കാര്യം സംബന്ധിച്ച് ആരെങ്കിലും ഒരു തടസ്സവാദം ഉന്നയിച്ചാൽ, ആ വാദത്തെ ഇടിച്ചുനിരത്താൻ മാത്രമുള്ള ബലമൊന്നും മേൽപറഞ്ഞ തെളിവുകൾക്കില്ല എന്നു കൂടി ഇവിടെ ചൂണ്ടിക്കാണിക്കേണ്ടതുണ്ട്. രണ്ടുപേരും ഒരാളായിരിക്കുന്നതിനു സാദ്ധ്യത ഏറെയുണ്ട് എന്നു മാത്രം നമുക്ക് അഭിപ്രായപ്പെടാം.

**നഥനയേലും അത്തിവൃക്ഷവും:** "എന്നെ എവിടെ വച്ച് അറിയും?" എന്നു നഥനയേൽ യേശുവിനോടു ചോദിച്ചപ്പോൾ, യേശുവിന്റെ മറു

പടി ഇപ്രകാരമായിരുന്നു: "ഫിലിപ്പൊസ് നിന്നെ വിളിക്കുംമുമ്പെ നീ അത്തിയുടെ കീഴിൽ ഇരിക്കുമ്പോൾ ഞാൻ നിന്നെ കണ്ടു" (യോഹ.1:48). വാസ്തവത്തിൽ, കർത്താവ് അപ്പോൾ അങ്ങോട്ടേക്കു വരുന്നതേ ഉണ്ടായിരുന്നുള്ളൂ. നഥനയേലിനെ നേരിൽ കാണാനുള്ള അവസരം കർത്താവിനു ലഭിച്ചത് അപ്പോൾ മാത്രമാണ്. പക്ഷേ, നഥനയേൽ അത്തിയുടെ ചുവട്ടിൽ ഇരുന്നത് കർത്താവ് കണ്ടിട്ടുണ്ടായിരുന്നു! അവിടേയ്ക്ക് ആദ്യമായി വരുന്ന കർത്താവ്, താൻ വരുന്നതിനുമുമ്പ് അവിടെ നടന്ന കാര്യം - അതായത് നഥനയേൽ അത്തിയുടെ ചുവട്ടിൽ ഇരുന്നത് - കണ്ടു എന്നു പറഞ്ഞതാണ് നഥനയേലിനെ അത്ഭുതപരതന്ത്രനാക്കിയത് (യോഹ.1:49,50). "നീ ഇതിനേക്കാൾ വലിയതു കാണും" എന്നു കർത്താവ് ഉത്തരം പറയുകയും ചെയ്തു.

അത്തിമരത്തിന്റെ കീഴിൽ ഇരുന്നുകൊണ്ട് എന്താണ് നഥനയേൽ ചെയ്തിട്ടുണ്ടാവുക? അതു എന്തായിരുന്നാലും, കർത്താവ് അതു ശ്രദ്ധിച്ചു. അഥവാ, കണ്ടു. മാത്രമല്ല, കർത്താവ് അവനെ കപടമില്ലാത്തവൻ, സാക്ഷാൽ യിസ്രായേല്യൻ എന്നിങ്ങനെ വിധിക്കുകയും ചെയ്തു. അതിനുമാത്രം എന്തോ അത്തിയുടെ കീഴിൽ സംഭവിച്ചിട്ടുണ്ടെന്നതു വ്യക്തം. കർത്താവ് ശ്രദ്ധിക്കാൻ മാത്രം എന്തോ ഒന്ന്, അത്തിയുടെ കീഴിൽ സംഭവിച്ചു! എന്തായിരിക്കാം അത്?

അത്തിയുടെ കീഴിൽ അലസമായി ഇരുന്നു, ഗുണമില്ലാത്ത വല്ല കാര്യങ്ങൾ ചെയ്യുകയോ ചിന്തിക്കുകയോ ആണ് നഥനയേൽ ചെയ്തിരുന്നതെങ്കിൽ, കർത്താവ് ഇങ്ങനെ അഭിപ്രായപ്പെടില്ലായിരുന്നു. അപ്പോൾ, ദൈവം ശ്രദ്ധിക്കുന്ന തരത്തിലുള്ള ചില നല്ല കാര്യങ്ങളാണ് ആ അത്തിയുടെ കീഴിൽ സംഭവിച്ചത് എന്നു വ്യക്തമാകുന്നു. ആ അത്തിയുടെ കീഴിലിരുന്ന് നഥനയേൽ പ്രാർത്ഥിച്ചു എന്നു നമുക്കു ചിന്തിച്ചുകൂടെ? അത്തിയുടെ കീഴിലിരുന്ന് തന്റെ ഹൃദയം ദൈവസന്നിധിയിൽ പകർന്ന ആ സാധുവിനെ കർത്താവ് കണ്ടു എന്നു ചിന്തിക്കുന്നത് സന്ദർഭത്തിനു വളരെ ചേരുന്ന ചിന്തയല്ലേ?

ഒരു പ്രത്യേക സന്ദർഭത്തിൽ, ഹൃദയത്തിലെ വ്യഥയുടെ ആക്കം നിമിത്തം, തൃശ്ശൂർ തേക്കിൻകാട് മൈതാനിയിലെ ഒരു മരച്ചുവട്ടിൽ ഇരുന്ന് ദൈവസന്നിധിയിൽ ഹൃദയം പകർന്ന്, നിശബ്ദമായി ഞാൻ തേങ്ങിയതാണ് എന്റെ മനസ്സിലേക്ക് ഇപ്പോൾ ഓടിവരുന്ന ചിന്ത. തുടർന്ന് എനിക്കു ലഭിച്ച ആശ്വാസവും ധൈര്യവും, ഈ സാധുവിനെ ആ മരച്ചുവട്ടിൽ കർത്താവ് കണ്ടതിന്റെ തെളിവല്ലാതെ മറ്റെന്താണ്?

പ്രിയ വിശ്വാസി, പബ്ലിക്കായ ഒരു സ്ഥലത്ത് വച്ചായാലും, നിന്റെ നൊമ്പരങ്ങളും വേദനകളും നിശബ്ദമായി നീ ദൈവസന്നിധിയിൽ പകർന്നാൽ, അതു വ്യക്തമായി കാണാനുള്ള ദിവ്യമായ നയനങ്ങളു ള്ളവനാണ് നമ്മുടെ ദൈവം.

തുടക്കത്തിൽ ഫിലിപ്പൊസ് നഥനയേലിനോട് പറഞ്ഞത്, "മോശെയും പ്രവാചകന്മാരും എഴുതിയിരിക്കുന്നവനെ കണ്ടെത്തിയിരി ക്കുന്നു" എന്നാണ്. അതിനോടുള്ള നഥനയേലിന്റെ പ്രതികരണവും, യേശുവും നഥനയേലും തമ്മിലുള്ള സംഭാഷണവും ശ്രദ്ധിച്ചാൽ, യിസ്രായേലിന്റെ വീണ്ടെടുപ്പിനെ സംബന്ധിച്ചുള്ള ചിന്താഭാരമാണ് അത്തിയുടെ ചുവട്ടിൽ നഥനയേലിനു ഉണ്ടായിരുന്നത് എന്നു ഊഹി ക്കാവുന്നതേയുള്ളൂ. ഭൗതികതലത്തിലുള്ള ചിന്താഭാരങ്ങൾ കൊണ്ടു നടന്ന് നെടുവീർപ്പിടുന്നതല്ലാതെ, ഇതുപോലെ ആത്മികതലത്തിലുള്ള എത്ര കാര്യങ്ങളെക്കുറിച്ച് നമുക്ക് ചിന്താഭാരം അനുഭവപ്പെടുന്നുണ്ടെന്ന് ചിന്തിക്കുന്നത് നല്ലതാണ്. ഏറ്റവും കുറഞ്ഞത് ദൈവസഭയെക്കുറി ച്ചുള്ള ചിന്താഭാരമെങ്കിലും?

**(തുടരും)**

# ലോകത്തിൽ നിങ്ങൾക്ക് കഷ്ടം ഉണ്ട്

## പി വി സന്തോഷ്, വയനാട്

അനേകം കഷ്ടങ്ങൾ സഹിച്ച ഒരു മിഷണറിയോട് തന്റെ സുഹൃത്ത് ചോദിച്ചു: "ഇത്രയും കഷ്ടതകൾ അനുഭവിച്ചിട്ടും സന്തോഷത്തോടെ സുവിശേഷവേല ചെയ്യുവാൻ നിങ്ങൾക്ക് എങ്ങനെ സാധിക്കുന്നു?"

അദ്ദേഹം പറഞ്ഞു: "അമൂല്യമായ ഒരു നിധി ഇരിക്കുന്നിടത്തേ ക്കുള്ള വഴി പറഞ്ഞു തന്ന വ്യക്തി എന്നോടു, നിങ്ങൾ പോകുന്ന വഴിയിൽ കുത്തിയൊഴുകുന്ന ഒരു നദിയും പാറക്കെട്ടുകൾ നിറഞ്ഞ കുന്നും വന്യജീവികൾ നിറഞ്ഞ വനവും ഉണ്ടായിരിക്കും എന്നു പറ ഞ്ഞാൽ ഇവയിൽ ഓരോന്നു കാണുമ്പോഴും ഞാൻ പോകുന്ന വഴി ശരിയാണെന്നു കൂടുതൽ ഉറപ്പാകുകയാണ് ചെയ്യുന്നത്."

"ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കെ ല്ലാം ഉപദ്രവവും ഉണ്ടാകും എന്നു ദൈവവചനം പറഞ്ഞിരിക്കെ ഞാൻ സഞ്ചരിക്കുന്നത് ശരിയായ മാർഗ്ഗത്തിലാണെന്നു ഉറച്ചു വിശ്വസിക്കു വാൻ എന്നെ സഹായിച്ചവയായിരുന്നു ഞാൻ അനുഭവിച്ച കഷ്ടങ്ങൾ."

# പരിശുദ്ധാത്മാവ്

## 24

**എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ**

**1 കൊരിന്ത്യർ 14:2 ന്റെ ശരിയായ അർത്ഥം**

"അന്യഭാഷയിൽ സംസാരിക്കുന്നവൻ മനുഷ്യരോടല്ല ദൈവത്തോടത്രേ സംസാരിക്കുന്നു; ആരും തിരിച്ചറിയുന്നില്ലല്ലോ" ഇതാണ് വാക്യം. ഈ വാക്യത്തിന്റെ മറ പിടിച്ച് *കണ്ടലമണ്ടലപണ്ടല* എന്നൊക്കെപ്പറഞ്ഞ്, ഇത് അന്യഭാഷയാണ്, ആർക്കും തിരിച്ചറിയാൻ പറ്റില്ല എന്നു വീരവാദം മുഴക്കി മുന്നേറുന്നവരെ കണ്ടിട്ടുണ്ട്. കള്ളത്തരം തുടർച്ചയായി കാണിച്ച്, 'ധീരതയോടെ' മുന്നേറിയാൽ അത് കള്ളത്തരമല്ലാതാകുന്നില്ല എന്നു ഇക്കൂട്ടർ ഓർക്കട്ടെ.

എന്താണ് ഈ 1 കൊരിന്ത്യർ 14:2 ന്റെ ശരിയായ അർത്ഥം? അന്യഭാഷയിൽ സംസാരിക്കുന്നവൻ ദൈവത്തോട് സംസാരിക്കുന്നു എന്നാണ് ഇവിടെ പറഞ്ഞിരിക്കുന്നത്. സഭയിൽ അന്യഭാഷ സംസാരിക്കുമ്പോൾ വ്യാഖ്യാനി ഇല്ലെങ്കിൽ മാത്രമാണ് ഇപ്രകാരം ദൈവത്തോട് സംസാരിക്കുന്നതായി വരുന്നത് എന്നു 14:28 ൽ കാണുന്നു. ആരും തിരിച്ചറിയുന്നില്ല. കാരണം വ്യാഖ്യാനി ഇല്ലല്ലോ.

വ്യാഖ്യാനി ഇല്ലെങ്കിലാണ് അന്യഭാഷ ആരും തിരിച്ചറിയാതെ പോകുന്നത്. അപ്പോഴാണ് ദൈവത്തോടു സംസാരിക്കുന്നു എന്നു വരുന്നത്. അങ്ങനെ ദൈവത്തോടു സംസാരിക്കുമ്പോൾ 'സഭയിൽ മിണ്ടാതെ സംസാരിക്കണം' എന്നാണ് വചനത്തിലെ കല്പന (14:28). ചുരുക്കിപ്പറഞ്ഞാൽ, വ്യാഖ്യാനി ഇല്ലെങ്കിൽ സഭയിൽ അന്യഭാഷ സംസാരിക്കാൻ ആർക്കും അനുവാദമില്ല. ഈ വ്യവസ്ഥ പാലിക്കാൻ എല്ലാവരും തയ്യാറായാൽ ഇന്നു കാണുന്ന അന്യഭാഷ എന്ന കള്ളഭാഷ അപ്രത്യക്ഷമാകും.

**അന്യഭാഷ - സഭയിൽ മൂന്നു വിധത്തിൽ**

1 കൊരിന്ത്യർ 14 വായിക്കുമ്പോൾ, സഭയിൽ അന്യഭാഷയുടെ മൂന്നു വിധത്തിലുള്ള സംസാരത്തെപ്പറ്റി കാണാം. അവ താഴെപ്പറയുന്നവയാണ്:

### 1. തന്നോടും ദൈവത്തോടും സംസാരിക്കുക (14:2,28)

സഭയിൽ വ്യാഖ്യാനി ഇല്ലെങ്കിൽ അന്യഭാഷക്കാരൻ മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കണം. വ്യാഖ്യാനി ഉണ്ടെങ്കിൽ മാത്രമേ ഉറക്കെ അന്യഭാഷയിൽ സംസാരിക്കാൻ പാടുള്ളൂ.

### 2. സഭയിലെ വിശ്വാസികളോട് സംസാരിക്കുക (14:27)

14:28 ൽ "മിണ്ടാതെ തന്നോടും ദൈവത്തോടും സംസാരിക്കട്ടെ" എന്നു കാണുന്നുണ്ടല്ലോ. വ്യാഖ്യാനി ഇല്ലെങ്കിലുള്ള പ്രമാണമാണത്. അപ്പോൾ വ്യാഖ്യാനി ഉണ്ടെങ്കിലോ? എങ്കിൽ സഭയിലെ വിശ്വാസികളോടു സംസാരിക്കാം.

### 3. കാറ്റിനോട് സംസാരിക്കുക (14:9)

അന്യഭാഷയിൽ സംസാരിക്കുമ്പോൾ സംസാരിക്കുന്നത് എന്തെന്ന് മറ്റുള്ളവർക്കു മനസ്സിലാകുന്നില്ലെങ്കിൽ അന്യഭാഷക്കാർ കാറ്റിനോട് സംസാരിക്കുന്നവർ ആകും. ഇത് പ്രയോജനമില്ലായ്മയെ കാണിക്കുന്നു. അങ്ങനെ നോക്കിയാൽ ഇന്നത്തെ അന്യഭാഷക്കാർ കാറ്റിനോടു സംസാരിക്കുന്നവർ ആണ്. കാറ്റിനോടു സംസാരിക്കുന്നവരെ സമൂഹം എങ്ങനെയാണ് നോക്കിക്കാണുക എന്നു ചിന്തിച്ചാൽ നന്ന്.

### പ്രാർത്ഥന – ആത്മാവുകൊണ്ടും ബുദ്ധികൊണ്ടും!

1 കൊരിന്ത്യർ 14:15 ൽ പൗലൊസ് ഇപ്രകാരം പറയുന്നു: "ആകയാൽ എന്ത്? ഞാൻ ആത്മാവുകൊണ്ട് പ്രാർത്ഥിക്കും; ബുദ്ധികൊണ്ടും പ്രാർത്ഥിക്കും. ആത്മാവുകൊണ്ട് പാടും; ബുദ്ധികൊണ്ടും പാടും"

അന്യഭാഷക്കാരായ ചിലർ ഇപ്രകാരം പറഞ്ഞുകേട്ടിട്ടുണ്ട്: "ഞങ്ങൾ അന്യഭാഷയിൽ ആരാധിക്കുമ്പോൾ ആത്മാവിൽ ആരാധിക്കുകയാണ് ചെയ്യുന്നത്. നിങ്ങൾ ബുദ്ധികൊണ്ട് ആരാധിക്കുന്നു." ആത്മാവ് കൊണ്ട് പ്രാർത്ഥിക്കുക എന്നു പറഞ്ഞാൽ പരിശുദ്ധാത്മാവ് കൊണ്ട് പ്രാർത്ഥിക്കുക എന്നല്ല അർത്ഥം, പിന്നെയോ സ്വന്തം ആത്മാവ് കൊണ്ട് പ്രാർത്ഥിക്കുക എന്നാണ് (14:14 എന്റെ ആത്മാവ് പ്രാർത്ഥിക്കുന്നു)

ബുദ്ധികൊണ്ട് ആരാധിക്കുന്നത് കുറഞ്ഞ ഒരു കാര്യം എന്ന നിലയിലാണ് ഇക്കൂട്ടർ മനസ്സിലാക്കിയിരിക്കുന്നത്. സഭയിൽ അന്യഭാഷ സംസാരിക്കുന്നതിനേക്കാൾ ബുദ്ധികൊണ്ട് അഞ്ചുവാക്ക് പറയുവാൻ ഞാൻ ഇച്ഛിക്കുന്നു എന്നു സാക്ഷാൽ അപ്പൊസ്തലനായ പൗലൊസ് പറഞ്ഞിരിക്കുന്നത് ഇക്കൂട്ടർ ശ്രദ്ധിക്കുന്നില്ല എന്നു തോന്നുന്നു (14:19).

ആത്മാവ്കൊണ്ട് പ്രാർത്ഥിക്കുക എന്നു പറഞ്ഞാൽ അന്യഭാഷയിൽ പ്രാർത്ഥിക്കുക എന്നാണ് അർത്ഥം (14:14). അന്യഭാഷയിൽ അല്ലാതെ സ്വന്തഭാഷയിൽ (മാതൃഭാഷയിൽ) പ്രാർത്ഥിച്ചാൽ അത് ബുദ്ധികൊണ്ടുള്ള പ്രാർത്ഥനയാണ് (14:19).

അന്യഭാഷ എന്നു പറഞ്ഞാൽ, മാതൃഭാഷയല്ലാത്ത ഭാഷ എന്നാണ് നാം മനസ്സിലാക്കേണ്ടത്. അന്യഭാഷാവരം എന്നു പറഞ്ഞാൽ, പഠിക്കാതെ വേറൊരു ഭാഷ പറയാനുള്ള കഴിവാണ്. ഭാഷാവരം ഉള്ള പൗലൊസ് മാതൃഭാഷയിലും (ബുദ്ധികൊണ്ട്) പ്രാർത്ഥിക്കും; അന്യഭാഷയിലും (ആത്മാവ് കൊണ്ട്) പ്രാർത്ഥിക്കും. എങ്കിലും സഭയിൽ അന്യഭാഷയേക്കാൾ പൗലൊസിന് ഇഷ്ടം സ്വന്തഭാഷയായിരുന്നു (വാക്യം 19).

**അന്യഭാഷയുടെ പ്രാധാന്യം**

അന്യഭാഷ പറയാത്തവനെ കുറഞ്ഞ ഒരുവൻ എന്ന നിലയിലാണ് പരിഗണിച്ചുപോരുന്നത്. അതുകൊണ്ടുതന്നെ പലരും എങ്ങനെയെങ്കിലും എന്തെങ്കിലുമൊക്കെ പറഞ്ഞ് അത് അന്യഭാഷയാണെന്നു അവകാശപ്പെടുകയും മുന്തിയ ഇനം വിശ്വാസി എന്നു വരുത്തിത്തീർക്കുകയും ചെയ്യും. തുതുതു... ഭൂതാരാജ, വരദാരാജ, ഹരാദസ്യ കുക്കുടുസ്യ തുടങ്ങിയവ അന്യഭാഷയായത് ഇങ്ങനെയാണ്.

വാസ്തവത്തിൽ പലരും കൊട്ടിഘോഷിക്കുന്ന അത്രയും പ്രാധാന്യമൊന്നും ബൈബിളിൽ അന്യഭാഷക്കില്ല. താഴെ കൊടുത്തിരിക്കുന്ന താരതമ്യം ശ്രദ്ധിച്ചാൽ അത് വ്യക്തമാകും.

(i) അന്യഭാഷയേക്കാൾ പ്രാധാന്യം സ്നേഹത്തിനുണ്ട് (1 കൊരി. 13:1); (ii) അന്യഭാഷയേക്കാൾ പ്രാധാന്യം പ്രവചനത്തിനുണ്ട് (14:5); (iii) അന്യഭാഷ തിരിച്ചറിയാത്ത കൂട്ടങ്ങളിൽ അന്യഭാഷയിലുള്ള സംസാരത്തേക്കാൾ ബുദ്ധികൊണ്ടുള്ള സംസാരത്തിനുണ്ട് (14:19); (iv) വരങ്ങളുടെ 6 ലിസ്റ്റ് വചനത്തിലുണ്ട്. ഇവയിലൊന്നും അന്യഭാഷയ്ക്ക് ഏറ്റവും വലിയ പ്രാധാന്യം കൊടുത്തു കാണുന്നില്ല. (1) റോമർ 12:6-8; (2) 1 കൊരി. 12:8-10; (3) 1 കൊരി. 12:28; (4) 1 കൊരി. 12:29-30; (5) എഫെ. 4:11; (6) 1 പത്രൊസ് 4:10,11. ഇവയിൽ മൂന്നു ലിസ്റ്റിൽ മാത്രമാണ് അന്യഭാഷ ഉള്ളത്; അതും ഏറ്റവും ഒടുവിലാണ് കൊടുത്തിരിക്കുന്നത്. ഇന്നു പലരും കൊടുക്കുന്ന പരമപ്രാധാന്യം അന്യഭാഷയ്ക്ക് ഒന്നാം നൂറ്റാണ്ടിലുണ്ടായിരുന്നില്ല എന്നു ഇതു വ്യക്തമാക്കുന്നു.

**(തുടരും)**

# യോവേൽ

## (പുസ്തകപഠനം)

14

എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

**യോവേൽ 2:21**

**"ദേശമേ ഭയപ്പെടേണ്ട; ഘോഷിച്ചുല്ലസിച്ചു സന്തോഷിക്ക; യഹോവ വൻകാര്യങ്ങളെ ചെയ്തിരിക്കുന്നു"**

യഹോവ വലിയവനായതുകൊണ്ട് വൻകാര്യങ്ങളേ ചെയ്യൂ. ഒരാളുടെ വലിപ്പവും കരുത്തും അറിയാൻ അയാൾ ചെയ്യുന്ന പ്രവൃത്തികൾ പരിശോധിച്ചാൽ മതി. ചെങ്കടൽ വറ്റിച്ചത്, യോർദ്ദാൻ പിളർന്നത്, യെരീഹോമതിൽ വീണത്... എന്നു തുടങ്ങി ഈ ദൈവം ചെയ്ത വൻകാര്യങ്ങൾ നിരവധിയാണ്.

മറ്റുള്ളവർ വിളിച്ചപേക്ഷിക്കുന്ന ദൈവങ്ങളുടെ പ്രവൃത്തികൾ പരിശോധിച്ചാൽ ആ ദൈവങ്ങളുടെ 'കരുത്ത്' നമുക്ക് മനസ്സിലാക്കാം. എഫെസൊസുകാരുടെ അർത്തെമിസ്ദേവി ചെയ്ത ഒരു 'വൻകാര്യം' എന്നത്, ആകാശത്തുനിന്നു ഒരു ബിംബം (വിഗ്രഹം) ഇട്ടുകൊടുത്തു എന്നതാണ് (അപ്പൊ.പ്രവൃ.19:35). അർത്തെമിസ്ദേവിയുടെ ഒരു വിഗ്രഹം ആ നാട്ടിലുണ്ട്. അത് ആര്, എന്ന്, എവിടെവച്ച് ഉണ്ടാക്കി എന്നു ആർക്കും അറിഞ്ഞുകൂടാ. അതുകൊണ്ട് അത് ആകാശത്തുനിന്നു ഇട്ടുതന്നതാണെന്ന് വിശ്വസിക്കുന്ന മണ്ടന്മാർ! ആകാശത്തുനിന്നു മന്നാ ഇട്ടുകൊടുത്ത ദൈവവുമായി താരതമ്യം ചെയ്താൽ അർത്തെമിസ്ദേവിയുടെ സ്ഥാനം ചവറ്റുകൊട്ടയിലാണെന്നു മനസ്സിലാക്കാവുന്നതേയുള്ളൂ.

സ്വന്തം ഭാര്യയെ സംരക്ഷിക്കുന്നതിൽ പരാജയപ്പെട്ടെങ്കിലും വാനരപ്പടയുടെ സഹായത്തോടെ ലങ്കാപുരിയിൽ ചെന്ന് രാവണനെ വകവരുത്തി അവളെ വീണ്ടെടുത്ത ശ്രീരാമൻ, കർണ്ണൻ, ഭീഷ്മർ എന്നിങ്ങനെയുള്ള കരുത്തരായ പോരാളികളെ ചതിപ്രയോഗത്തിലൂടെ കൊന്നുകളയുന്നതിനു നേതൃത്വം കൊടുത്ത ശ്രീകൃഷ്ണൻ, നാടു നന്നായി ഭരിച്ച മഹാബലിയെ ചതിപ്രയോഗത്തിലൂടെ ചവിട്ടിത്താഴ്ത്തിയ മഹാവിഷ്ണു, സ്വന്തം ലിംഗത്തേയും സ്വന്തം ഭാര്യയുടെ..........നെയും തന്റെ ഭക്തന്മാരെക്കൊണ്ട് ആരാധിപ്പിക്കുന്ന പരമശിവൻ....

താരതമ്യം വളരെ എളുപ്പമാണ്. നാം വിളിച്ചപേക്ഷിക്കുന്ന ദൈവം ചെയ്ത വൻകാര്യങ്ങളും മറ്റുള്ളവർ ചെയ്തിട്ടുള്ള വൻകാര്യങ്ങളും തമ്മിലുള്ള താരതമ്യം നമ്മെ ശരിയായ ദിശയിൽ കൊണ്ടെത്തിക്കും എന്ന കാര്യം ഉറപ്പാണ്. യിസ്രായേൽമക്കളുടെ ചുറ്റുമുള്ള ജനതകൾക്ക് ദൈവങ്ങൾക്ക് പഞ്ഞമൊന്നും ഉണ്ടായിരുന്നില്ല. ആ ദൈവങ്ങളെ വിളിച്ചപേക്ഷിക്കുന്നവർ ആ ദൈവങ്ങൾ ചെയ്ത കാര്യങ്ങൾ എന്ന നിലയിൽ പലതും വിശ്വസിക്കുകയും പ്രഘോഷിക്കുകയും ചെയ്തു. പക്ഷേ യിസ്രായേലിന്റെ ദൈവമായ യഹോവ ചെയ്ത വൻകാര്യങ്ങൾ സ്വന്തം ദൈവത്വം അടിവരയിട്ട് തെളിയിക്കുന്നവയായിരുന്നു.

ദാവീദ് സാക്ഷ്യപ്പെടുത്തുന്നത് നോക്കുക: എന്റെ ദൈവമായ യഹോവേ, നീ ചെയ്ത അത്ഭുതപ്രവൃത്തികളും ഞങ്ങൾക്കുവേണ്ടിയുള്ള നിന്റെ വിചാരങ്ങളും വളരെയാകുന്നു; നിന്നോട് സദൃശൻ ആരുമില്ല; ഞാൻ അവയെ വിവരിച്ചു പ്രസ്താവിക്കുമായിരുന്നു; എന്നാൽ അവ എണ്ണിക്കൂടാതവണ്ണം അധികമാകുന്നു (സങ്കീർത്തനങ്ങൾ 40:5). പലപ്പോഴും നാം തള്ളിക്കളയുന്നത് ഇത്രയും വലിയവനായ ദൈവത്തെയാണ് എന്ന കാര്യം ഓർക്കുന്നത് നന്ന്.

**യോവേൽ 2:22**

**"വയലിലെ മൃഗങ്ങളേ, ഭയപ്പെടേണ്ട; മരുഭൂമിയിലെ പുൽപ്പുറങ്ങൾ പച്ചവെക്കുന്നു; വൃക്ഷം ഫലം കായ്ക്കുന്നു; അത്തിവൃക്ഷവും മുന്തിരിവള്ളിയും അനുഭവപുഷ്ടി നൽകുന്നു"**

ദൈവത്തിന്റെ കോപം മനുഷ്യന്റെ നേരെ ചൊരിയുമ്പോൾ സ്വാഭാവികമായും ഭൂമിയും ആ കോപം ഏറ്റുവാങ്ങേണ്ടിവരും. കാരണം മനുഷ്യൻ വസിക്കുന്നത് ഈ ഭൂമിയിലാണല്ലോ. എന്നാൽ മനുഷ്യന്റെ നേരെ ദൈവം സ്നേഹം ചൊരിയാൻ തുടങ്ങുമ്പോൾ അതിന്റെ ഫലമായി ഭൂമിയും അനുഗ്രഹിക്കപ്പെടും. മരുഭൂമിയിൽ വീണ്ടും പച്ചപ്പു വരും; വൃക്ഷങ്ങളിൽ ഫലമുണ്ടാകും; അത്തിവൃക്ഷവും മുന്തിരിവള്ളിയും അനുഭവപുഷ്ടി നൽകും.

ദേശത്തുണ്ടായിട്ടുള്ള ഉരുൾപൊട്ടൽ, ക്ഷാമം, കൊറോണാവൈറസിന്റെ ബാധ ഇവയുടെ പിന്നിലെല്ലാം ദൈവത്തിന്റെ കരം കാണാവുന്നതാണ്. അനുഗ്രഹിക്കപ്പെടുകയാണെങ്കിൽ മനുഷ്യനും പ്രകൃതിയും ഒരുമിച്ച് അനുഗ്രഹിക്കപ്പെടും. ശപിക്കപ്പെടുകയാണെങ്കിൽ മനുഷ്യനും പ്രകൃതിയും ഒരുമിച്ച് ശപിക്കപ്പെടും. ഏദെൻതോട്ടത്തിൽ സംഭവിച്ചതും അതു തന്നെയാണല്ലോ (ഉല്പത്തി 3:17).

**(തുടരും)**

എംവിഎസ്

15

# സങ്കീർത്തനക്കാരന്റെ അബദ്ധം!

ബൈബിൾ വായിക്കാനും ധ്യാനിക്കാനും നേരമില്ലാത്ത ഒരു തലമുറയാണ് ഇതെങ്കിലും കൊച്ചുണ്ണിസഹോദരൻ ബൈബിൾ എന്നും വായിക്കുകയും ധ്യാനിക്കുകയും ചെയ്യും. പക്ഷേ എന്താന്ന് അറിയില്ല... പുള്ളിക്കാരൻ എത്തിച്ചേരുന്നത് വിചിത്രമായ അനുമാനങ്ങളിലാണ്.

ഇട്ടിയപ്പച്ചനും മൂപ്പനും ഇരുന്ന് സംസാരിക്കുന്നിടത്തേക്ക് ഇതാ കയ്യിൽ ബൈബിളുമായി ബ്രദർ കൊച്ചുണ്ണി വരുന്നു.

“മൂപ്പാ, നമ്മ്ടെ ആള് വരണ്ണ്ട്... ഇന്ന് എന്തൊക്കെയാ വെളമ്പാൻ പോണത് ആവോ?'' ഇട്ടിയപ്പച്ചൻ മൂപ്പന് മുന്നറിയിപ്പ് കൊടുത്തു.

ബ്രദർ കൊച്ചുണ്ണി അവരുടെ അരികിലെത്തി. മുഖത്ത് അസംതൃപ്തിയുടെ വിളയാട്ടം...

''എന്താ കൊച്ചുണ്ണ്യേ, നെന്റെ മോന്ത ഇഞ്ചി കടിച്ച കൊരങ്ങന്റെ പോലെയുണ്ടല്ലോ...'' ഇട്ടിയപ്പച്ചൻ ആരംഭിച്ചു.

''ഇഞ്ചി കടിച്ച ഇട്ടിയപ്പച്ചന്റെ പോലെ എന്നു പറയൂ...” കൊച്ചുണ്ണിയുടെ അപ്രതീക്ഷിതമായ കൗണ്ടർ കേട്ട് ഇട്ടിയപ്പച്ചൻ നാണം കെട്ട ചിരിയോടെ മൂപ്പനെ നോക്കി.

“മൂപ്പാ, 119-ാം സങ്കീർത്തനം എഴുതിയ വ്യക്തി വലിയൊരു അബദ്ധം കാണിച്ചിട്ടുണ്ട്.”

കൊച്ചുണ്ണി ഇപ്രകാരം പറഞ്ഞപ്പോൾ ആകാംക്ഷയോടെ ഇട്ടിയപ്പച്ചൻ ചോദിച്ചു. “എന്താത്?”

“119:147 ൽ ഞാൻ ഉദയത്തിനു മുമ്പെ എഴുന്നേറ്റു പ്രാർത്ഥിക്കുന്നു എന്നു അദ്ദേഹം എഴുതിയിരിക്കുന്നു.”

“അതിന്? അതാണോ അബദ്ധം?”

“ഇട്ടിയപ്പച്ചൻ ചൂടാവാതെ... പറയുന്നത് അമർന്നിരുന്ന് കേൾക്ക്...”

“ശരി, ഞാൻ ദേ അമർന്നിരുന്നു... നീ പറ..”

കൊച്ചുണ്ണി ഒന്നു രണ്ടു തവണ ചുമച്ച് തൊണ്ട ശരിയാക്കി. എന്നിട്ടു ഇപ്രകാരം പറഞ്ഞു: “127:2 ൽ അതികാലത്ത് എഴുന്നേൽക്കുന്നത് വ്യർത്ഥമാണ് എന്നു രേഖപ്പെടുത്തിയിരിക്കുന്നു. അപ്പോൾ 119-ാം സങ്കീർത്തനക്കാരൻ ഉദയത്തിനു മുമ്പെ എഴുന്നേൽക്കുന്നു എന്നു പറഞ്ഞത് വ്യർത്ഥമായ കാര്യമല്ലേ?”

“അത്...” ഇട്ടിയപ്പച്ചൻ പരുങ്ങി. പ്രതീക്ഷയോടെ മൂപ്പനെ നോക്കുകയും ചെയ്തു. മൂപ്പൻ ആ വേദഭാഗങ്ങൾ താരതമ്യം ചെയ്യുകയായിരുന്നു.

മൂപ്പൻ വിശദീകരിക്കാനായി തുട ങ്ങി.

“127-ാം സങ്കീർത്തനത്തിൽ പറയു ന്നത് യഹോവ കൂടെയില്ലാത്തവന്റെ അവസ്ഥയാണ്. യഹോവ കൂടെയി ല്ലെങ്കിൽ, വീടു പണിയുന്നവരുടെ അദ്ധ്വാനം വ്യർത്ഥമാണ് എന്നു ഒന്നാം വാക്യത്തിൽ പറയുന്നു..”

“...യഹോവ കൂടെയില്ലെങ്കിൽ കാവൽക്കാരന്റെ അദ്ധ്വാനം വ്യർത്ഥ മാണെന്നു രണ്ടാം വാക്യത്തിൽ പറ യുന്നു...”

“...യഹോവ കൂടെയില്ലാത്തവൻ അതികാലത്ത് എഴുന്നേറ്റ് കഠിനപ്ര യത്നം ചെയ്യുന്നത് വ്യർത്ഥമാണ് എന്നതാണ് മൂന്നാമത്തെ വാക്യ ത്തിലെ ആശയം...”

ഇത്രയുമായപ്പോഴേക്കും ഇട്ടിയപ്പ ച്ചൻ ആകാംക്ഷയോടെ ചോദിച്ചു: “അപ്പൊ 119-ാം സങ്കീർത്തനക്കാരൻ അതികാലത്ത് എഴുന്നേറ്റു പ്രാർത്ഥി ക്കുന്നത് വ്യർത്ഥമല്ല, അല്ലേ?”

മൂപ്പന്റെ മറുപടി ഇപ്രകാരമായി രുന്നു: “119-ാം സങ്കീർത്തനക്കാരൻ അതികാലത്ത് എഴുന്നേൽക്കുന്നത് ദൈവത്തോടു പ്രാർത്ഥിക്കാനാണ്. ദൈവത്തിലുള്ള തന്റെ ആശ്രയം വ്യക്തമാക്കുന്ന വാക്യമാണത്. നാമും അതുപോലെ ചെയ്യുന്നത് നല്ല താണ്...”

“...എന്നാൽ 127-ാം സങ്കീർത്തന ത്തിൽ പറയുന്നത് ദൈവത്തെക്കൂ ടാതെ സ്വന്തം പ്രയത്നം കൊണ്ടു ഉയരാൻ ആഗ്രഹിക്കുന്ന ആളുടെ കാര്യമാണ്... ദൈവത്തിൽ ആശ്രയ മില്ലാത്തവൻ അതികാലത്ത് ഉണർന്ന് കഠിനപ്രയത്നം ചെയ്യുന്നത് വ്യർത്ഥ മാണ്.”

കൊച്ചുണ്ണിസഹോദരൻ തൃപ്തി യില്ലാതെ നിൽക്കുകയാണ്.

“എന്താ കൊച്ചുണ്ണ്യേ, മൂപ്പൻ പറ ഞ്ഞത് ദഹിക്ക്ണില്ലേ നെനക്ക്?” ഇട്ടിയപ്പച്ചൻ ചോദിച്ചു.

“ഇല്ല...” കൊച്ചുണ്ണിയുടെ ശക്ത മായ മറുപടി.

“എന്നാൽ കൊച്ചുണ്ണീ അതികാ ലത്തെ ഉണരണ്ട... പ്രാർത്ഥിക്കേം വേണ്ട... പോരേ?” ഇട്ടിയപ്പച്ചൻ പരി ഹാസച്ചുവയോടെ ആശ്വസിപ്പിച്ചു.

“അതികാലത്തെ എഴുന്നേൽ ക്കാൻ മടിയുള്ളവർക്കാണ് കൊച്ചു ണ്ണസഹോദരന്റെ വ്യാഖ്യാനം ഇഷ്ട പ്പെടുകയുള്ളൂ...”

മൂപ്പൻ ഇങ്ങനെ പറഞ്ഞ് തന്റെ കൈവശമുള്ള ബൈബിൾ തുറന്ന് ഇപ്രകാരം പറഞ്ഞു:

“സദൃശവാക്യങ്ങൾ 6:9-11 വരെ യുള്ള വാക്യങ്ങൾ ഞാൻ വായി ക്കാം...”

“മടിയാ, നീ എത്ര നേരം കിട ന്നുറങ്ങും? എപ്പോൾ ഉറക്ക ത്തിൽനിന്നു എഴുന്നേൽക്കും? കുറെ ക്കൂടെ ഉറക്കം; കുറെക്കൂടെ നിദ്ര; കുറെക്കൂടെ കൈകെട്ടിക്കിടക്ക. അങ്ങനെ നിന്റെ ദാരിദ്ര്യം വഴിപോ ക്കനെപ്പോലെയും നിന്റെ ബുദ്ധിമുട്ട് ആയുധപ്പാണിയെപ്പോലെയും വരും”

മൂപ്പൻ ഇത്രയും വായിച്ച് ബൈബിൾ അടച്ചുവച്ചു.

# രണ്ടാം ഭാര്യ

ചെറുകഥ

## എംവിഎസ്

സ്നേഹ പതിവുപോലെ വീട്ടിലെ ജോലികൾ ചെയ്യാൻ തുടങ്ങി.

അവളുടെ ഭർത്താവ് ജോൺസൺ ജോലിക്കു പോയി. ഇനി സന്ധ്യയാകുമ്പോഴേ വരികയുള്ളൂ.

അതുവരെ വീട്ടിൽ ഒറ്റയ്ക്ക് കഴിയണം. വിവാഹം കഴിഞ്ഞ് രണ്ടു വർഷമായി.

ജോൺസൻചേട്ടൻ എന്നെ ആവശ്യമില്ലാതെ വഴക്കു പറയാറില്ല, ഒന്നിനും നിർബന്ധം പറയാറില്ല... അവളോർത്തു.

പക്ഷേ ഏതു നേരവും ആൾ മൊബൈലിലാണ്. രാവിലെയും വൈകീട്ടും... എപ്പോൾ നോക്കിയാലും മൊബൈലിൽ!

വാട്ട്സാപ്, ഇൻസ്റ്റഗ്രാം, ഫെയ്സ്ബുക്ക് എന്നിങ്ങനെയുള്ള എല്ലാറ്റിലും പുള്ളി ഉണ്ട്. അതുകൊണ്ട് ഏതു നേരവും മൊബൈൽ കയ്യിലുണ്ടാകും. എന്തെങ്കിലും ചോദിച്ചാൽ അതിനുള്ള മറുപടി മുഖമുയർത്താതെ മൊബൈലിൽ നോക്കിക്കൊണ്ടു തന്നെ പറയും. രാത്രി ഏറെ വൈകിയാണ് കിടക്കുക.

മൊബൈൽമാൻ! (Mobile Man!)

അവൾ കളിയാക്കിക്കൊണ്ട് ഇങ്ങനെ വിളിക്കുമായിരുന്നു. ഇതു കേൾക്കുമ്പോൾ ജോൺസൻ ഒന്നു പുഞ്ചിരിക്കും. അത്രമാത്രം.

''ജോൺസൻചേട്ടാ, നിങ്ങക്ക് മൊബൈലിനോട് പ്രണയമാണോ?'' അവളുടെ കുസൃതിച്ചോദ്യത്തിന് അയാളുടെ തട്ടുത്തരം ''അതെ'' എന്നായിരുന്നു.

“അപ്പൊ മൊബൈൽ നിങ്ങടെ ഭാര്യയാണോ?'' സ്നേഹ ചിരിച്ചുകൊണ്ട് ചോദിച്ചു.

“അതെ”

അവന്റെ അടുത്ത് തൊട്ടുരുമ്മിയിരുന്ന് അവന്റെ തോളിൽ കയ്യിട്ട് അവൾ പതിയെ ചോദിച്ചു: “അപ്പൊ ഞാൻ നിങ്ങടെ ആരാ?”

“രണ്ടാംഭാര്യ”

ഇതും പറഞ്ഞ് ജോൺസൻ ഉറക്കെ ചിരിച്ചു. അവളും ചിരിച്ചു. പക്ഷേ അവളുടെ മുഖം വിളറിയിരുന്നു. ഭാവമാറ്റം അവന്റെ ശ്രദ്ധയിൽ പെടാതെ അവൾ എഴുന്നേറ്റ് അടുക്കളയിലേക്ക് പോയി.

അടുക്കളയിൽ എത്തുമ്പോഴേക്കും അവളുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പിയിരുന്നു.

ജോൺസൻചേട്ടൻ തമാശയ്ക്ക് പറഞ്ഞതാണ്... അവളുടെ മനഃസാക്ഷി അവളോടു പറയുന്നതുപോലെ അവൾക്കു തോന്നി. എന്നാലും... അവളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.

മൊബൈലിൽ എപ്പോഴും സമയം ചെലവഴിക്കുന്ന ജോൺസനെ സംബന്ധിച്ചിടത്തോളം താൻ വെറും രണ്ടാം ഭാര്യ തന്നെയാണെന്ന് സ്നേഹയ്ക്ക് തോന്നി.

അത് അവളുടെ ഉള്ളിൽ നീറ്റൽ ഉളവാക്കിത്തുടങ്ങി.

ooooooooooooooooooo

അന്നും പതിവുപോലെ അവൾ വീട്ടിലെ ജോലികൾ ചെയ്യുകയായിരുന്നു. അപ്പോഴാണ് മൊബൈൽ ശബ്ദിച്ചത്.

ഇത് ജോൺസൻചേട്ടനാണല്ലോ... റിങ്ടോൺ കേട്ടപ്പോൾ തന്നെ അവൾക്ക് മനസ്സിലായി എന്താ പതിവില്ലാതെ എന്നു ചിന്തിച്ച് അവൾ മൊബൈൽ കയ്യിലെടുത്തു.

"ഹലോ"

"ഹലോ സ്നേഹക്കുട്ടീ..."

മൈ ഗോഡ്... സ്നേഹക്കുട്ടി എന്ന്... വിവാഹനിശ്ചയം കഴിഞ്ഞ നാളുകളിൽ ദിവസവും ഉണ്ടായിരുന്ന രണ്ടു മണിക്കൂർ ഫോൺസംഭാഷണത്തിൽ മാത്രമാണ് ഇത്രയും സ്നേഹം ജോൺസൻചേട്ടൻ കാണിച്ചിട്ടുള്ളത് എന്നു അവളോർത്തു.

"ഇന്നെന്തു പറ്റി?" സ്നേഹ ചോദിച്ചു.

"ഒന്നുമില്ല... ഇങ്ങനെ ഇരുന്നപ്പോൾ ഒന്നു ഓർത്തു... അപ്പൊ ഒന്നു വിളിച്ചു..."

കുറെ നേരം അയാൾ അവളോടു സംസാരിച്ചിരിന്നു. പിന്നെ വിളിക്കാം എന്നു പറഞ്ഞാണ് അവസാനിപ്പിച്ചത്.

അവൾക്ക് വിശ്വസിക്കാനായില്ല. ഒരു അരമണിക്കൂർ കഴിഞ്ഞപ്പോഴേക്കും വീണ്ടും വിളി... അതേ റിംഗ്ടോൺ!

ജോൺസൻചേട്ടൻ അവളുടെ കണ്ണുകൾ വികസിച്ചു.

"ഹലോ.."

"സ്നേഹക്കുട്ടീ, ഇപ്പൊ എന്താ പരിപാടി?"

"ഞാൻ തുണി അലക്കുന്നു.."

"ഓ... നമുക്ക് എത്രേം പെട്ടെന്ന് ഒരു വാഷിംഗ് മെഷീൻ വാങ്ങണം.. ന്റെ സ്നേഹക്കുട്ടി ഇങ്ങനെ കഷ്ടപ്പെടേണ്ട..."

മറിഞ്ഞുവീഴുമോ എന്നു അവൾക്കു തോന്നി... ഈ മനംമാറ്റത്തിന് കാരണമെന്തെന്ന് അറിയാതെ അവൾ അമ്പരന്നു.

"അതൊന്നും സാരമില്ല, ജോൺസൻചേട്ടാ, ഇപ്പൊ എനിക്ക് ആവത് ഉണ്ടല്ലോ... എനിക്കു വയസ്സാകട്ടെ എന്നിട്ടു മതി..." അവൾ കുലുങ്ങിച്ചിരിച്ചു. അവൻ മറുവശത്തുനിന്നു ചിരിക്കുന്നത് അവളും കേട്ടു.

അല്പനേരം കൂടി സല്ലാപം... അതു കഴിഞ്ഞ് പിന്നെ വിളിക്കാം എന്നു പറഞ്ഞ് ജോൺസൻ ഫോൺ കട്ട് ചെയ്തു.

പിന്നെയും നാലഞ്ചു പ്രാവശ്യം അയാൾ വിളിച്ചു.

കർത്താവേ, എന്റെ ജോൺസൻ ചേട്ടന് ഈ നല്ല മനസ്സ് കൊടുത്തതിന്

നന്ദി. സ്നേഹ ദൈവത്തിനു നന്ദി പറഞ്ഞു.

പതിവില്ലാത്ത സന്തോഷം അവൾക്ക് തോന്നി. മുറ്റത്തെ ചെടികളിലുള്ള പുഷ്പങ്ങൾക്ക് പതിവിലേറെ ഭംഗിയും സൗരഭ്യവും ഉള്ളതുപോലെ അവൾക്കു തോന്നി. കാറ്റിൽ അലിഞ്ഞുചേർന്നിരുന്ന മാമ്പൂവിന്റെ ഗന്ധം അവൾ പെട്ടെന്നു തിരിച്ചറിഞ്ഞു.

സന്ധ്യയായി...

ജോൺസൻചേട്ടൻ ഇപ്പോൾ എത്തും. അവളുടെ ഹൃദയം മന്ത്രിച്ചു.

ബൈക്കിന്റെ ശബ്ദം...

അവൾ മുറ്റത്തേക്കിറങ്ങി. നിറഞ്ഞ പുഞ്ചിരിയോടെ അവൾ അവനെ എതിരേറ്റു. ഒരു കൊച്ചുകുട്ടി അച്ഛന്റെ കൈകളിൽ ബലമായി പിടിച്ച് നടക്കുന്നതുപോലെ അവൾ അവന്റെ കൈ പിടിച്ച് വീട്ടിലേക്ക് നടന്നു കയറി.

ഇണയെ വിളിക്കുന്ന കുയിലിന്റെ വശ്യസുന്ദരമായ നാദം...അപ്പുറത്തെ പറമ്പിൽ ആൺമയിൽ പീലി വിടർത്തി നിൽക്കുന്നു...

വീട്ടിലേക്ക് കയറിയ ജോൺസൻ പെട്ടെന്ന് മൊബൈൽ ബെഡിലേക്ക് വലിച്ചെറുഞ്ഞു.

“തേങ്ങാക്കൊല... ഇങ്ങനത്തെ ഒരു ദിവസം എന്റെ ജീവിതത്തിൽ ഇതുവരെ ഉണ്ടായിട്ടില്ല” അയാൾ തല കുമ്പിട്ടിരുന്ന് പറഞ്ഞു.

“എന്തു പറ്റി?”

“എന്റെ മൊബൈൽ താഴെ വീണു. അതിന്റെ ഡിസ്പ്ലേ പോയി. വാട്ട്സാപ്പുമില്ല, ഫെയ്സബുക്കുമില്ല... ഒരു കുന്തവുമില്ല... നിന്റെ നമ്പർ ഓർമ്മയുണ്ട്... അതുകൊണ്ടാ ഞാൻ ഇടയ്ക്കിടെ നിന്നെ വിളിച്ചുകൊണ്ടിരുന്നത്...”

അപ്പോൾ അതാണ് കാര്യം... സ്നേഹയുടെ മുഖത്തെ പ്രകാശം മാഞ്ഞുപോയി.

എന്റെ നമ്പറെങ്കിലും ഓർമ്മയുണ്ടായല്ലോ എന്നു അവളാശ്വസിച്ചു.

“എനിക്കിനി കുറച്ചുനേരം കിടക്കണം...”

“ആയിക്കോട്ടെ... ജോൺസൻചേട്ടൻ വിശ്രമിക്ക്... ഫോൺ ഉപയോഗിക്കാതെ ആകെക്കൂടി തളർന്നിരിക്കയല്ലേ?” അവൾ ചിരിച്ചുകൊണ്ടാണ് അതു പറഞ്ഞതെങ്കിലും അതിൽ അവന്റെ നേരെയുള്ള ഒരു ഒളിയമ്പ് ഉണ്ടായിരുന്നു.

അവൾ അടുക്കളയിലേക്ക് പോയി. അവളുട കണ്ണുകളിൽ നനവ് പടർന്നിരുന്നു.

മൊബൈൽതന്നെയാണ് ജോൺസൻചേട്ടന്റെ ഭാര്യ... എനിക്ക് രണ്ടാം സ്ഥാനം മാത്രം. അവൾ പിറുപിറുത്തു.

വീട്ടമ്മമാർ ഭർത്താവിനെയും മക്കളെയും ഉപേക്ഷിച്ചു മൊബൈലിലൂടെ പരിചയപ്പെട്ടവന്റെ കൂടെ പോകുന്നതിന്റെ കാരണം ഒരു പക്ഷേ ഇതായിരിക്കുമോ? അവൾ ചിന്തിച്ചു.

ആ മൊബൈലിന്റെ ഡിസ്പ്ലേ എന്നും കേടായിരിക്കട്ടെ... അവൾ അങ്ങനെ ആശിച്ചു.

# www.reallifevoice.in

**നമ്മുടെ വെബ്സൈറ്റിൽ ലഭ്യമായ പുസ്തകങ്ങൾ**

**Magazine:** ♦2017 മുതലുള്ള മാസികകൾ

**Studies:** ♦മൂലഭാഷകളുടെ സൗന്ദര്യം ♦ ഓബദ്യാവ് (പുസ്തകപഠനം)

♦ കുടുംബജീവിതം ♦ വിശ്വാസവും സ്നാനവും ♦ മൂപ്പൻ

♦ മീഖാ (പുസ്തകപഠനം)

**Defence:**♦ചോദ്യവും ഉത്തരവും (സംശയങ്ങൾക്കുള്ള മറുപടി)

♦ ആഭരണധാരണം: ബൈബിൾ എന്തു പറയുന്നു?

♦ ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ

**Individuals:** ♦ചിന്തകൾ പന്തങ്ങളാകുമ്പോൾ (ഡയറിക്കുറിപ്പുകൾ)

♦ തിരുവട്ടാർ കൃഷ്ണൻകുട്ടി ♦മഹാകവി കെ.വി.സൈമൺ

**Miscellaneous:** ♦ഇമ്മാനുവിന്റെ സംശയങ്ങൾ ♦ തലമുറകൾ

♦ സഭ (സൺഡേസ്കൂൾപാഠങ്ങൾ)

♦ സൺഡേസ്കൂൾപാഠങ്ങൾ (ഒന്നാം ഭാഗം)

♦ സത്യം തേടിയുള്ള അന്വേഷണം

# വിശ്വാസവും സ്നാനവും

**ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?**

**Revised Second Edition**

**എം. വി. സെബാസ്റ്റ്യൻ**

**104 പേജുകളുള്ള പുസ്തകം**

**ആവശ്യപ്പെടുന്നവർക്ക് സൗജന്യമായി അയച്ചുകൊടുക്കുന്നു**

REAL LIFE
KOTTEKAD, KUTTUR P. O.
THRISSUR - 680 013

**Phone: 95 44 557 557**

REGISTERED
RNI No. KERMAL/2012/54719
Postal Reg. No. KL/TCR/51/2020-22
Licence No. KL/CR/TCR/WPP-02/2020-22
Licensed to Post Without Prepayment.

Published on
17th May 2020

Posted at
Thrissur RMS

**ആനുകാലികം**

## നോവൽകൊറോണ വൈറസ്

ലോകത്തെ മൊത്തം വിറപ്പിച്ചുകളഞ്ഞു ഈ വൈറസ്. ഒരു ലക്ഷത്തിലധികം ആളുകൾ മരിച്ചുവീണു. ഉചിതമായ വിധം ശവസംസ്കാരം പോലും പലർക്കും ലഭിച്ചില്ല. മനുഷ്യന്റെ അഹന്തയുടെ മേൽ സർവശക്തനായ ദൈവം ഏല്പിച്ച വലിയൊരു പ്രഹരമായിരുന്നു ഈ മഹാവ്യാധി. കാണാൻ പറ്റാത്തത്ര സൂക്ഷ്മമായ ഈ വൈറസിന്റെ മുമ്പിൽ ലോകത്തെ കേമന്മാരെല്ലാം പകച്ചുനിന്നുപോയി. ലോകപോലീസ് ആയി വിലസുന്ന അമേരിക്ക കണ്ണീരിൽ മുങ്ങി.

ചന്ദ്രനും ചൊവ്വയും കീഴടക്കാനുള്ള ത്രാണിയുണ്ടെന്ന് നിഗളിക്കുന്ന മനുഷ്യന് ഈ അദൃശ്യമായ വൈറസിനെ ഒരു ചുക്കും ചെയ്യാൻ പറ്റിയില്ല. ഇത്രേയുള്ളൂ നിന്റെയൊക്കെ ജീവിതം എന്നു പരിഹസിച്ചുകൊണ്ട് ഈ വൈറസ് ഭൂഗോളത്തിന്മേൽ തന്റെ താണ്ഡവനൃത്തമാടി. ഒന്നിനും നേരമില്ലാതെ പണമുണ്ടാക്കാനായി നെട്ടോട്ടം ഓടിയിരുന്നവരെല്ലാം വീട്ടിൽ ഇരിപ്പായി. പുറത്തേക്കിറങ്ങിയാൽ ഒന്നുകിൽ കൊറോണ, അല്ലെങ്കിൽ അറസ്റ്റ്, അതുമല്ലെങ്കിൽ പോലീസിന്റെ ചൂരൽപ്രയോഗം എന്നീ നിലയിൽ കാര്യങ്ങൾ എത്തി.

നാം എത്ര നിസ്സാരർ ആണെന്ന പാഠം പഠിപ്പിക്കുകയായിരുന്നു കൊറോണ. നാം ആ പാഠം പഠിച്ചുവോ? അതോ ഇനിയും അഹന്തയുടെ നിറകുടം ആയി വിലസാനാണോ പരിപാടി? നമുക്കു നല്ല തീരുമാനമെടുക്കാം.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V